കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-9/1189/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി.04.12.2018.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 9/1189/2018 തിയ്യതി:04.12.2018.

# കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക

# വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-06-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-09-2018 മുതൽ 22-09-2018വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കിരൺദാസ്. പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കുഞ്ഞികൃഷ്ണൻ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുനിൽ കുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.സുധീഷ്.എൻ.കെ | ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മാധവൻ മണിയറ | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.വി.പ്രഭാകരൻ | 01-04-2017മുതൽ 31-03-2018 വരെ |

## നിർവഹണ ഉദ്യോഗസ്ഥർ (01-04-2017മുതൽ 31-03-2018 വരെ )

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | നിർമ്മല.പി.വി | 01-04-2017മുതൽ 31-03-2018 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | അനസൂര്യ.എം | 01-04-2017മുതൽ 31-03-2018 വരെ |
| 3 | കൃഷി ഓഫീസർ | പി.വി.ധന്യ | 01-04-2017മുതൽ 31-03-2018 വരെ |

| | | | |
|---|---|---|---|
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശാരി.എം | 01-04-2017മുതൽ 10-05-2017 വരെ |
| | | പ്രഭാവതി.പി.പി | 11-05-2017മുതൽ 31-03-2018 വരെ |
| 5 | വി.ഇ.ഒ | ഷാജിൻ.കെ.വി | 01-04-2017മുതൽ 31-03-2018 വരെ |
| 6 | വി.ഇ.ഒ | സുരേഷ് ബാബു.എം | 01-04-2017മുതൽ 31-03-2018 വരെ |
| 7 | പ്രധാനാധ്യാപകൻ | ശോഭന.കെ.വി | 01-04-2017മുതൽ 25-07-2017 വരെ |
| | | മാധവൻ.പി | 26-07-2017മുതൽ 31-03-2018 വരെ |
| 8 | വെറ്റിനറി സർജ്ജൻ | ഡോ.കൃഷ്ണകുമാർ | 01-04-2017മുതൽ26-07-2017വരെ(F.N) |
| | | ഡോ.കെ.ശ്രീവിദ്യനമ്പ്യാർ(I/C) | 26-07-2017(A.N)മുതൽ30-08-2017വരെ |
| | | ഡോ.വിക്ടോജോബിൻ വർഗ്ഗീസ് | 01-09-2017മുതൽ28-11-2017വരെ |
| | | ഡോ.അനുരാജ്.കെ.ആർ | 29-11-2017മുതൽ31-03-2018വരെ |
| 9 | മെഡിക്കൽഓഫീസർ,അലോപ്പതി | ഡോ.സിയാദ്.സി | 01-04-2017മുതൽ31-03-2018വരെ |
| 10 | മെഡിക്കൽഓഫീസർ,ആയുർവ്വേദം | ഡോ.പൂർണ്ണിമ | 01-04-2017മുതൽ31-03-2018വരെ |
| 11 | മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.ഷോണ | 01-04-2017മുതൽ30-11-2017വരെ |
| | | ഡോ.ശ്രീജ | 01-12-2017മുതൽ31-03-2018വരെ |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | വേണുഗോപാലൻ.പി | 01-04-2017മുതൽ31-03-2018വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | I ഭാഗം<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ | 1-3 |

| | | | |
|---|---|---|---|
| | വിവരം | | |
| 4 | സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല | 2-1 | |
| 14 | വാടക കെട്ടിട വരവ് വിവരങ്ങൾ -അപാകത | 2-2 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 15 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-1 | |
| 16 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ-ബിറ്റുമിന് സി.പി യും ഓവർഹെഡ് ചാർജ്ജും അനുവദിച്ചതിനാൽ നഷ്ടം | 3-2 | |
| 17 | കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ | 3-3 | |
| 18 | വയോജന വിശ്രമ കേന്ദ്രത്തിന് ഫർണ്ണിച്ചർ, അനുബന്ധ സൗകര്യങ്ങൾ പദ്ധതി - അപാകത | 3-4 | |
| 19 | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-5 | |
| 20 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല | 3-6 | |

| | | |
|---|---|---|
| 21 | ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു. | 3-7 |
| 22 | അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിട്ടില്ല | 3-8 |
| 23 | തുല്യതാ പഠനം- ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല | 3-9 |
| 24 | പ്രോജക്റ്റ് നം- 62/ 2017-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 3-10 |
| 25 | കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന അത്യുൽപ്പാദന ശേഷിയുള്ള ഉരുക്കൾ ഏതൊക്കെയാണെന്നുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. | 3-11 |
| 26 | പദ്ധതി നിർവഹണം-എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾഉപയോഗപ്പെടുത്തിയില്ല | 3-12 |
| 27 | അംഗൻവാടികൾ - അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ച് | 3-13 |
| 28 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- മരുന്നുകൾ യഥാസമയംലഭ്യമാക്കിയില്ല. | 3-14 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | | |
|---|---|---|---|
| 38 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |

അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

29.03.2017 തീയതിയിലെ 11/1 തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 28.03.2018 തീയതിയിലെ 2/1തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 06.06.2018 | ഇല്ല | ഇല്ല |

## 1-3 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 28-06-18 | KSA/KSD3/793/2018 തീയതി 03.07.2018 |

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 1,14,20,705 |
| വരവ് | 9,86,68,655 |
| ആകെ | 11,00,89,360 |
| ചെലവ് | 9,68,61,827 |
| നീക്കിയിരിപ്പ് | 1,32,27,533 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | യിരിപ്പ് |
| വികസന ഫണ്ട് ജനറൽ(ACR പ്രകാരം) | | 0 | 1,36,95,000 | 1,36,95,000 | 1,36,95,000 | 0 |
| വികസന ഫണ്ട് -എസ്.സി.പി(ACR പ്രകാരം) | | 0 | 27,59,314 | 27,59,314 | 27,59,314 | 0 |
| വികസന ഫണ്ട് -ടി.എസ്.പി(ACR പ്രകാരം) | | 0 | 48,981 | 48,981 | 0 | 48,981 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 76,99,000 | 76,99,000 | 63,02,777 | 13,96,223 |
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | | 0 | 33,37,000 | 33,37,000 | 26,64,901 | 6,72,099 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 64,31,155 | 64,31,155 | 64,31,155 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | | 0 | 2,11,641 | 2,11,641 | 2,11,641 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 48,220 | 16,956 | 65,176 | 50,025 | 15,151 |
| എം.ജി.എൽ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1,44,58,347 | 1,44,58,347 | 1,44,58,347 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7,940 | 11,14,953 | 11,22,893 | 11,12,036 | 10,857 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 3,04,935 | 3,18,065 | 6,23,000 | 5,99,000 | 24,000 |
| | SSA | 3,10,812 | 21,833 | 3,32,645 | 25 | 3,32,620 |
| | ICDS | 81,785 | 5,02,757 | 5,84,542 | 2,12,968 | 3,71,574 |
| | NPRPD | 13,80,000 | 0 | 13,80,000 | 11,20,000 | 2,60,000 |
| | PYCKA | 59,348 | 0 | 59,348 | 0 | 59,348 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | സുനാമിഫണ്ട് | | | | | |
| | അംഗനവാടി നിർമ്മാണം | 94,615 | 0 | 94,615 | 0 | 94,615 |
| | ഖരമാലിന്യ നിർമ്മാർജന ഫണ്ട് | 11,08,166 | 0 | 11,08,166 | 0 | 11,08,166 |
| | വിമുക്തി ഫണ്ട് | 25,000 | 12,500 | 37,500 | 19,308 | 18,192 |
| | ശുചിത്വമിഷൻഫണ്ട് | 3,71,700 | 1,17,154 | 4,88,854 | 4,31,853 | 57,001 |
| | ഹരിതകേരളം പദ്ധതി ഗ്രാന്റ് | 0 | 25,000 | 25,000 | 14,488 | 10,512 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 4,34,962 | 36,00,000 | 40,34,962 | 40,15,918 | 19,044 |
| | ജില്ലാ പഞ്ചായത്ത് | 0 | 4,74,992 | 4,74,992 | 4,74,992 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 6,60,000 | 6,60,000 | 6,60,000 | 0 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 70,000 | 70,000 | 70,000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവര്ക്കുള്ള ഇൻസെന്റീവ് | 0 | 40,000 | 40,000 | 40,000 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 2,23,69,200 | 2,23,69,200 | 2,23,69,200 | 0 |
| | കർഷകതൊഴിലാളി പെൻഷൻ | 0 | 56,83,400 | 56,83,400 | 56,83,400 | 0 |
| | വിധവാ പെൻഷൻ | 0 | 1,53,11,600 | 1,53,11,600 | 1,53,11,600 | 0 |
| | അവിവാഹിത പെൻഷൻ | 0 | 7,67,600 | 7,67,600 | 7,67,600 | 0 |
| | വികലാംഗ പെൻഷൻ | 0 | 37,75,400 | 37,75,400 | 37,75,400 | 0 |
| | തൊഴിലില്ലായ്മ വേതനം | 0 | 1 ,72,800 | 1 ,72,800 | 1 ,72,800 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4,93,688 | 93,29,000 | 98,22,688 | 99,41,170 | (-)1,18,482 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 56,20,884 | 1,88,25,036 | 2,44,45,920 | 1,69,04,703 | 75,41,217 |
| | ട്രഷറി അക്കൗണ്ട് | 75,250 | 3,38,740 | 4,13,990 | 1,05,975 | 3,08,015 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 8,00,000 | 0 | 8,00,000 | 0 | 8,00,000 |
| | പട്ടികജാതി ഭവന നിർമ്മാണം ജില്ലാ പഞ്ചായത്ത് വിഹിതം | 1,45,000 | 0 | 1,45,000 | 0 | 1,45,000 |
| | പെയിൻ & പലിയേറ്റീവ് കെയർ പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 28,400 | 0 | 28,400 | 0 | 28,400 |
| | ഗുണഭോക്തൃവിഹിതം | 0 | 11,60,000 | 11,60,000 | 11,35,000 | 25,000 |
| | ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് | 0 | 5,21,566 | 5,21,566 | 5,21,566 | 0 |

## 1-6 പദ്ധതി അവലോകനം

09.01.2017 – ലെ ജി.ഒ.(എം.എസ്)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.01.2017 ലെ 8/(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 24.01.2017 – ലെ 8(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട പരിശോധന കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതായി മിനുട്സ് പരിശോധനയിൽ വ്യക്തമായി. മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ പരിഗണിച്ച് കൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതിയും വിലയിരുത്തിയിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പ്രധാനമായും സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകളും തീരുമാനങ്ങളുമാണ് വന്നിട്ടുള്ളത്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയും അതാത് മേഖലകളിലുള്ള പദ്ധതി നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. പദ്ധതികൾ വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ മിനുട്സുകളിൽ രേഖപ്പെടുത്തുന്നുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകളും സ്റ്റാൻഡിംഗ് കമ്മറ്റികളിൽ ഉണ്ടാകേണ്ടതുണ്ട്

വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമപഞ്ചായത്തിൽ 12 മേഖലകളിലായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18 ൽ ഓരോ വർക്കിംഗ് ഗ്രൂപ്പും താഴെപ്പറയുന്നവിധത്തിൽ യോഗം ചേർന്നിട്ടുണ്ട്.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,ജനസേവനം കാര്യക്ഷമമാക്കൽ | 5 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 6 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 8 |
| 4 | ചെറുകിട വ്യവസായം | 6 |
| 5 | മത്സ്യബന്ധനം | 5 |
| 6 | പൊതുമരാമത്ത് | 8 |
| 7 | സാമൂഹ്യക്ഷേമം | 7 |
| 8 | പട്ടിക ജാതി വികസനം | 8 |

| | | |
|---|---|---|
| 9 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 4 |
| 10 | ആരോഗ്യം | 5 |
| 11 | കുടിവെള്ളം ശുചിത്വം | 6 |
| 12 | വിദ്യാഭ്യാസം സംസ്കാരം,കല കായിക യുവജനക്ഷേമം | 6 |

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകളും പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. തുടർ അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

<u>മോണിറ്ററിംഗ്</u>

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). മേൽപ്പറഞ്ഞത് പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയ മോണിട്ടറിംഗ് പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ വിജയം കൈവരിക്കുന്നതിൽ പ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്.

<u>പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ് നം 72/2017 തസ്വ ഭ വ തീയതി 29/3/2017 & എം. എസ്.നം.10/2017 ത.സ്വ.ഭ.വ. തീയതി 09/01/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 24-01-2017ന് രൂപീകരിച്ചിട്ടുണ്ട് (പഞ്ചായത്ത് ഭരണ സമിതി തീരുമാനം 8/1,8/2 തീയതി 24-01-2017)ആസൂത്രണ സമിതിയിൽ 16 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ 3 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീയാക്കുവാനായി നിർദ്ദേശിച്ചിട്ടുണ്ട്.

<u>വികസനരേഖ</u> – മാർഗ്ഗരേഖ 09-01-2017 ലെ ജി. ഒ. (എം.എസ്.) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

<u>വികസന സെമിനാർ –</u>

06-05-2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 283 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

<u>വാർഷിക പദ്ധതി അംഗീകാരം –</u>

2017-18 വർഷത്തെ വാർഷീക പദ്ധതികൾ 15-05/2017ന് മുൻപ് അംഗീകാരം നേടി 01-04-2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 06-05-2017നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 04/1)- ജില്ലാ ആസൂത്രണ സമിതിയുടെ 29-06-2017 തീയ്യതിയിൽ വാർഷീക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്- 22-03-2018ന് ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമ അംഗീകാരം നൽകുകയുണ്ടായി. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെപ്രോജക്ടുകൾ | 147 |
| പുതിയ പ്രോജക്ടുകൾ | 115 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 32 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 147 | 107 | 4,36,14,700 | 38 | 2 | 72.78 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം

1. വീട് പുനരുദ്ധാരണം(പട്ടിക ജാതി)

2. വീട് പുനരുദ്ധാരണം (ജനറൽ).

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 7,940 | 11,54,953 | 11,62,893 | 11,52,036 | 10,857 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | - | 1,44,58,347 | 1,44,58,347 | 1,44,58,347 | - |
| ആകെ | 7,940 | 1,56,13,300 | 1,56,21,240 | 1,56,10,383 | 10,857 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 1 ,72,800 | 291 |
| | കർഷകതൊഴിലാളി പെൻഷൻ | 56,83,400 | 488 |
| | വിധവാ പെൻഷൻ | 1,53,11,600 | 1294 |
| | വാർദ്ധക്യകാല പെൻഷൻ | 2,23,69,200 | 1716 |
| | വികലാംഗ പെൻഷൻ | 37,75,400 | 337 |
| | അവിവാഹിത പെൻഷൻ | 7,67,600 | 66 |
| | വിവാഹ ധനസഹായം | 6,60,000 | 22 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2018 തീയതിയിൽ 10.45 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 600/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെൻെറ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരൻെറി, വാറൻെറി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ് . ആയതിൻെറ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ- ഓരോദിവസ ത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം- പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല . ദിവസവേതനക്കാരെ ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- പരാതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നെണ്ടങ്കിലും ആയത് ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ,സ്റ്റാൻെറിങ് കമമറ്റിയോഗങ്ങൾ എന്നിവചേരുന്നില്ല.ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻെറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ,

കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 03.04.2006 മുതൽ 20.04.2006വരെ | 1997-98 മുതൽ 2005-06 വരെ | 18.12.2011 |
| പെർഫോമെൻസ് ഓഡിറ്റ് | 21.08.2018 | 7/2018 | 23.08.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു,

1.ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 35,73,552/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡ്-ൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.
2.ഷെഡ്യൂൾ B-4, ഷെഡ്യൂൾ B-9 എന്നീ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3.സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല

2017-18 വർഷത്തെ വാർഷീക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫീയിനത്തിൽ ₹ 50,000 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | ടെണ്ടർഫീ ₹ |
|---|---|---|---|---|
| 1 | 54/18 | കോതങ്കര നീർമുക്ക് റോഡ് താറിങ്ങ് | ശ്രീ.പി.ഗോവിന്ദൻ | 800 |
| 2 | 55/18 | കോതങ്കര ഹൗസ് സൈറ്റ് റോഡ് താറിങ്ങ് | ശ്രീ.പി.ഗോവിന്ദൻ | 700 |

| | | | | |
|---|---|---|---|---|
| | | | ശ്രീ.കെ.രതീഷ് | 700 |
| 3 | 58/18 | കൂട്ടമത്ത് കയ്യൂർ റോഡ് മുതൽ വി.വി സ്മാരകഹോസ്പിറ്റൽറോഡ് താറിങ്ങ് | ശ്രീ.പി.ഗോവിന്ദൻ | 800 |
| 4 | 64/18 | ആയുർ വേദ ഹോസ്പിറ്റൽ മുണ്ടകണ്ടംറോഡ് റീതാറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | 800 |
| 5 | 73/18 | കൊടവയൽ ആണിത്തോട് പുനരുദ്ധാരണം | ശ്രീഎംവി.കുഞ്ഞിക്കോരൻ | 500 |
| 6 | 91/18 | ശിവക്ഷേത്രം ചന്ത റോഡ് മുതൽ ശിവക്ഷേത്രംസ്മശാനം റോഡ് ലിങ്ക് റോഡ്താറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | 600 |
| 7 | 94/18 | കുറുത്ത ഗേറ്റ് മുണ്ടകണ്ടം റെയിൽവേ ലൈൻറോഡ് താറിങ്ങ് | ശ്രീഎംവി.കുഞ്ഞിക്കോരൻ | 600 |
| 8 | 97/18 | ബസ് വെയിറ്റിങ്ങ് ഷെൽട്ടർ, ചെറുവത്തൂർ ബസ് സ്റ്റാന്റ് | ശ്രീകെ.പി.വസന്തകുമാർ | 500 |
| 9 | 99/18 | ഉത്തരകൈ-ചങ്കംകൈ റോഡ് ടാറിങ്ങ് | ശ്രീഎംവി.കുഞ്ഞിക്കോരൻ | 800 |
| 10 | 102/18 | കണ്ണംകൈ കാട്ടുത്തല റോഡ് ടാറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | 600 |
| 11 | 103/18 | കണ്ണംകൈ മുത്തപ്പൻ ക്ഷേത്രം ഡ്രെയിനേജ് കവർ സ്ലാബ് | ശ്രീ.സി.നാരായണൻ | 600 |
| 12 | 109/18 | കുളങ്ങാട്ടമ്പലം വി.വി.ക്ലബ് ഓരിബണ്ട് റോഡ് ടാറിങ്ങ് | ശ്രീഎംവി.കുഞ്ഞിക്കോരൻ | 500 |
| 13 | 111/18 | കുളങ്ങാട്ടമ്പലം കാവുംചിറ പുതിയകണ്ടം റോഡ് ടാറിങ്ങ് | ശ്രീഎംവി.കുഞ്ഞിക്കോരൻ | 600 |
| 14 | 112/18 | തെക്കെവളപ്പ അംഗനവാടി മെയിന്റനൻസ് | ശ്രീ.വിനേഷ്.കെ.വി | 500 |
| 15 | 114/18 | സൈഡ് വാൾ നിർമ്മാണം- കൈതക്കാട് മാട്ടുമ്മൽ ക്രോസ്ബാർ | ശ്രീ.സി.നാരായണൻ | 300 |

| | | | | |
|---|---|---|---|---|
| 16 | 115/18 | ചെറുവത്തൂർ അംഗനവാടി മെയിന്റനൻസ് | ശ്രീ.വിനേഷ്.കെ.വി | 500 |
| 17 | 119/18 | സ്മാർട്ട് സ്കൂൾ ക്ലാസ് റൂം -ജി.എൽ.പി. എസ്.മൈച്ച | ശ്രീ.കെ.രതീഷ് | 700 |
| 18 | 120/18 | ബേബി ഫ്രണ്ട് ലി ടോയിലറ്റ്-പുതിയകണ്ടം അംഗനവാടി | .ശ്രീ.വി.ഭാസ്കരൻ | 500 |
| 19 | 128/18 | കൈതക്കാട് പള്ളിമുക്ക് ഓരിമുക്ക് റോഡ് റീടാറിങ്ങ് | ശ്രീഎംവി.കുഞ്ഞിക്കോരൻ | 900 |
| 20 | 129/18 | അച്ചാംതുരുത്തി അംഗനവാടി മെയിന്റനൻസ് | ശ്രീ.വിനേഷ്.കെ.വി | 500 |
| 21 | 135/18 | പൊള്ളയിൽ അംഗനവാടി മെയിന്റനൻസ് | ശ്രീ.വിനേഷ്.കെ.വി | 500 |
| 22 | 141/18 | അച്ചാംതുരുത്തി കോട്ടപ്പുറം നടപ്പാലം റിപ്പയർ | ശ്രീ.സി.നാരായണൻ | 500 |
| 23 | 49/18 | നപ്പച്ചാൽ പ്ലാവിലവളപ്പ റോഡ് ടാറിങ്ങ് | ശ്രീ.എൻ.വി.പുരുഷോത്തമൻ | 1400 |
| 24 | 59/18 | ദിനേശ്ഭവൻ കൊവ്വൽപള്ളി ലിങ്ക്റോഡ് ടാറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | 1,400 |
| 25 | 63/18 | കൊവ്വൽ മണത്തൂർകിള ഫൂട്ടപാത്ത് കോൺക്രീറ്റ് | ശ്രീഎംവി.കുഞ്ഞിക്കോരൻ | 1,100 |
| 26 | 84/18 | അച്ചാംതുരുത്തി കൾവേർട്ട് ഈച്ചരമാട്ട റോഡ് ടാറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | 1,000 |
| 27 | 86/18 | പതിക്കൽ കുണ്ടന്റെമാട്ട റോഡ് ടാറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | , |
| 28 | 86/18 | പതിക്കൽ കുണ്ടന്റെമാട്ട റോഡ് ടാറിങ്ങ് (റീ ടെണ്ടർ) | ശ്രീ.ഇ.രവീന്ദ്രൻ | 1,000 |
| 29 | 87/18 | മുണ്ടകണ്ടം ആറാട്ട റോഡ് ടാറിങ്ങ് | ശ്രീ.എൻ.വി.പുരുഷോത്തമൻ | 1,400 |
| 30 | 89/18 | മീങ്കടവ് ക്രോസ്ബാർ-മങ്കലോട്ടുംചാൽ റോഡ് ടാറിങ്ങ് | ശ്രീ.എൻ.വി.പുരുഷോത്തമൻ | 1,400 |

| | | | | |
|---|---|---|---|---|
| 31 | 101/18 | പയ്യങ്കി മുതിരക്കോവിൽ ജവാൻ റോഡ് ടാറിങ്ങ് | ശ്രീഎംവി.കുഞ്ഞിക്കോരൻ | 1,400 |
| 32 | 106/18 | കോട്ടക്കൽ പൂഴിക്കടവ്വ റോഡ് മെച്ചപ്പെടുത്തൽ | ശ്രീഎംവി.കുഞ്ഞിക്കോരൻ | 1,400 |
| 33 | 113/18 | മടക്കര തലക്കാട്ടു റോഡ് ടാറിങ്ങ് | ശ്രീഎംവി.കുഞ്ഞിക്കോരൻ | 1,200 |
| 34 | 121/18 | ബേസിക് അറേഞ്ച്മെന്റ് ജി.ഡബ്ല്യൂ.യു.പി.എസ് | ശ്രീ.ഇ.രവീന്ദ്രൻ<br>ശ്രീകെ.പി.വസന്തകുമാർ | 1,200<br>1,200 |
| 35 | 123/18 | മലപ്പിൽ ചണ്ടിമാട് റോഡ് ടാറിങ്ങ് | ശ്രീഎംവി.കുഞ്ഞിക്കോരൻ | 1,400 |
| 36 | 92/18 | മൈച്ച അരണയിൽ റോഡ് ടാറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ<br>ശ്രീ.എ.കെ.വിനോദ് | 1,400<br>1,400 |
| 37 | 146/18 | ഫൂട്ട് പാത്ത് നിർമ്മാണം തെക്കെവളപ്പ മുതൽ എൻ.എച്ച് വരെ | ശ്രീ.കെ.രതീഷ് | 1,000 |
| 38 | 98/18 | ചെറുവത്തുർ ബസ്റ്റാന്റിന് സമീപംപാർക്കിങ്ങ് നിർമ്മാണം | ശ്രീ.ഇ.രവീന്ദ്രൻ<br>ശ്രീഎൻ.വി.പുരുഷോത്തമൻ | 2,500<br>2,500 |
| 39 | 98/18 | ചെറുവത്തുർ ബസ്റ്റാന്റിന് സമീപംപാർക്കിങ്ങ് നിർമ്മാണം(റീ ടെണ്ടർ) | ശ്രീ.എൻ.വി.പുരുഷോത്തമൻ | 2,500 |
| 40 | 117/18 | ബഡ്സ് സ്കൂൾ നിർമ്മാണം | ശ്രീഎംവി.കുഞ്ഞിക്കോരൻ<br>ശ്രീ.എ.കെ.വിനോദ് | 2,500<br>2,500 |
| 41 | 151/18 | കവർ സ്ളാബ്- നിർമ്മാണം-ചെറുവത്തുർ റെയിൽവേ സ്റ്റഷന് സമീപമുള്ള ഡ്രെയിനേജിന് | ശ്രീ.കെ.രതീഷ് | 1,100 |
| 42 | 151/18 | കവർ സ്ളാബ്- നിർമ്മാണം-ചെറുവത്തുർ റെയിൽവേ സ്റ്റഷന് സമീപമുള്ള ഡ്രെയിനേജിന് (റീ ടെണ്ടർ) | ശ്രീ.കെ.രതീഷ് | 1,100 |

| | | | |
|---|---|---|---|
| | | ആകെ | 50,000 |

## 2-2 വാടക കെട്ടിട വരവ് വിവരങ്ങൾ -അപാകത

1) പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതും നിലവിൽ പട്ടിക ജാതി വിപണന കേന്ദ്രമായി ഉപയോഗിക്കുന്നതുമായ കെട്ടിട നം.X-424, 425 എന്നിവയുടെ വാടക ലഭിച്ചതിന്റെ വിവരം വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത മുറികൾ വാടകയ്ക്കെടുത്തവരുടെ പേര് വിവരം, ഭരണസമിതി തീരുമാനം,പഞ്ചായത്തുമായി കരാർ ചമച്ചതിന്റെ വിവരം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വ്യക്തിയിൽ നിന്നും പ്രസ്തുത കെട്ടിടത്തിന്റെ വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരവ് പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകിയത് മുതൽ ഓഡിറ്റ് കാലയളവ് വരെയുള്ള കെട്ടിട വാടക തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) നിലവിൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള അമ്പതിലേറെ മുറികൾ വാടകയ്ക്കായി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ യാതൊരു തുകയും ഈടാക്കിയതായി കാണുന്നില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുകകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

3) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച നിയമാവലി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് മുറികൾ വാടകയ്ക്ക് നൽകുന്നതുമായുള്ള നിബന്ധനകൾ ഏതൊക്കെയാണെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാടകയിനത്തിൽ കാലാനുസൃതമായി വരുത്തേണ്ടുന്ന വാർഷിക വർദ്ധനവ്, പിഴപലിശ, മറ്റ് നിബന്ധനകൾ എന്നിവ നിയമാവലിയുടെ അഭാവത്താൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം- 1994 വകുപ്പ് 3(2) ആണ് ഗ്രാമസഭയെന്താണെന്ന് വിശദീകരിച്ചത്. ഇതനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട ഒരു ഗ്രാമത്തെ വോട്ടർപ്പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ആ വാർഡിലെ ഗ്രാമസഭ. വകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഗ്രാമസഭകളിലെ ജനപങ്കാളിത്തവിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണവുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

3എ(1)(എ)– പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക;

(ബി)-ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക;

(സി)-ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണന ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക;

(എം)-ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക

(എൻ)-ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.

(പി)-ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

വകുപ്പ് (9) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതാണ്. ലിസ്റ്റിലെ മുൻഗണന ക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ലാത്തതുമാണ്.

മുകളിൽ പ്രതിപാദിച്ചത് ഗ്രാമസഭകളുടെ പ്രധാന അധികാരങ്ങളും ചുമതലകളുമാണ്. ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെ മിനട്സുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1. എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും ഏറെക്കുറെ ക്വാറത്തിനടുത്ത ആളുകൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ബാക്കി 90% വോട്ടർമാരും ഇതിന്റെ ഭാഗവാക്കാവാതെ നിൽക്കുന്നു.
2. ഓരോ വാർഡിന്റേയും പ്രശ്നങ്ങളേയോ പരിഹാരങ്ങളേയോ കുറിച്ച് സമഗ്രമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല.
3. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളിൽ മാത്രമേ ക്വാറത്തിനടുത്ത ആളുകൾ പങ്കെടുക്കുന്നുള്ളൂ. മറ്റു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വളരെ കുറവാണ്.
4. എല്ലാ ഗ്രാമസഭകളിലും പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ വരുന്നുള്ളൂ. പ്രദേശത്തിന്റെ പ്രത്യേകത, അവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ, അത് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നില്ല.
5. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ഒരു ഗ്രാമസഭയും തയ്യാറാക്കിയിട്ടില്ല.
6. ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയാവുന്നതാണെന്ന് പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ടെങ്കിലും ഇത്തരം ചർച്ചകളൊന്നും നടക്കാറില്ല.
7. ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെങ്കിലും പല ഗ്രാമസഭകളും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല.
8. റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അധിക ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നത്.
9. വകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.
10. വകുപ്പ് 3എ(1)(ജെ) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭകളുടെ ചുമതലകളാണെങ്കിലും അത്തരത്തിൽ ഒന്നും ചെയ്തതായി കാണുന്നില്ല.
11. വകുപ്പ് 3എ(1)(ഐ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെങ്കിലും അത്തരത്തിൽ ചെയ്തതായി കാണുന്നില്ല.

<u>മുകളിൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു,</u>

1.എല്ലാ തരത്തിലുള്ള ആളുകളേയും ഗ്രാമസഭയിലെത്തിക്കാൻ വേണ്ട ബോധവത്കരണം നടത്തുക. ഗ്രാമസഭയെന്നാൽ കേവലം ജനകീയാസൂത്രണ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന യോഗം മാത്രമല്ലെന്നും ആ ഗ്രാമത്തിലെ എല്ലാ തരത്തിലുള്ള ആസൂത്രണങ്ങളുടേയും ഉറവിടം ഗ്രാമസഭയിൽ നിന്നാണെന്ന ബോധം ജനങ്ങളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
2.ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ച ഉയർത്തിക്കൊണ്ടുവരേണ്ടതും, ചർച്ച ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.
3.ഗ്രാമസഭയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾക്ക് ഭരണസമിതി അർഹമായ പ്രാധാന്യം നൽകാറുണ്ട് എന്ന് ജനങ്ങളെ ബോധവത്കരിക്കുക.
4.ഗ്രാമസഭാ നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിലൂടെ ചർച്ച ചെയ്ത് പ്രൊജക്ടുകളായി

രൂപപ്പെടേണ്ടത്.
5.ജനങ്ങൾക്ക് പൊതുവേ സൗകര്യപ്രദമായ ദിവസം എല്ലാവർക്കും അറിയിയിപ്പ് നല്കി ഗ്രാമസഭ വിളിച്ച് കൂട്ടുക.

## 3-2 റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ-ബിറ്റുമിന് സി.പി യും ഓവർഹെഡ് ചാർജ്ജും അനുവദിച്ചതിനാൽ നഷ്ടം

നിർവ്വഹണോദ്യോഗസ്ഥൻ -AE

2017-18 വർഷം നടപ്പിലാക്കിയ റോഡ് നിർമാണ/റീടാറിംഗ് പ്രവൃത്തികളിൽ ഡിപ്പാർട്ട്മെന്റലായി ബിറ്റുമിന്സ് ഇനങ്ങൾ വിതരണം ചെയ്തിട്ടുള്ള ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത് MORD ഡാറ്റ ഉപയോഗിച്ച് പ്രൈസ് സോഫ്റ്റ് വെയറിൽ ആണ്. ഈ എസ്റ്റിമേറ്റുകളുടെ പരിശോധനയിൽ, ബിറ്റുമിനസ് ഇനങ്ങൾക്ക് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും അനുവദിച്ചിട്ടുള്ളതായി കാണുന്നു.

ബിറ്റുമിനസ് ഇനങ്ങളുടെ പാദവാർഷിക വിലകൾ ചീഫ് എഞ്ചിനീയർ (ആർ & ബി) പ്രസിദ്ധീകരിക്കുമെന്നും പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ബിറ്റുമിനസ് ഇനങ്ങളുടെ വിലകൾ ഇപ്രകാരം പബ്ലിഷ് ചെയ്ത നിരക്കുകൾ അടിസ്ഥാനമാക്കി കണക്കാക്കണമെന്നും ഫിനാൻസ് വകുപ്പിന്റെ 15.07.2016 ലെ 96/2016 /ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ബിറ്റുമിൻ ഡിപ്പാർട്ട്മെന്റലായി വിതരണം ചെയ്യുന്ന സംഗതിയിൽ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജസ്, കോസ്റ്റ ഇന്റക്സ് എന്നിവ അനുവദിക്കാൻ പാടില്ലെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ചുവടെ ചേർത്ത പ്രവൃത്തികളിൽ ബിറ്റുമിനസ് ഇനങ്ങൾ പഞ്ചായത്ത് വാങ്ങി വിതരണം ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തികളുടെ, പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ ബിറ്റുമിനസ് ഇനങ്ങൾക്ക് കോസ്റ്റ് ഇന്റക്സ് നൽകിയിട്ടില്ല എങ്കിലും 10% ഓവർഹെഡ് ചാർജ്ജും 10% കരാറുകാരന്റെ ലാഭവും അനുവദിച്ചിട്ടുള്ളതായി കാണുന്നു. സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ അവഗണിച്ചു കൊണ്ട് പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഡിപ്പാർട്ട്മെന്റലായി ബിറ്റുമിനസ് ഇനങ്ങൾ വിതരണം ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ബിറ്റുമിനസ് സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തി ഇനങ്ങൾക്ക് അനുവദിച്ചിട്ടുള്ളതും അനുവദനീയവുമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | ഇനത്തിന്റെ കോഡ് നം, വിവരം | അനുവദിച്ച നിരക്ക് | | | | അനുവദനീയമായ നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| | | വിശദ വിവരം | ബിറ്റുമിനസ് ഇനങ്ങളുടെ നിരക്ക് | നോൺ ബിറ്റുമിനസ് ഇനങ്ങളുടെ നിരക്ക് | ആകെ | വിശദ വിവരം | ബിറ്റുമിനസ് ഇനങ്ങളുടെ നിരക്ക് | നോൺ ബിറ്റുമിനസ് ഇനങ്ങളുടെ നിരക്ക് | ആകെ |
| 2 | 5.1.1a prime coat-low porosity using emulsion SS1 ബിറ്റുമിനസ് ഇനം- SS1 emulsion | Mord ഡാറ്റ പ്രകാരം ആകെ നിരക്ക് | 22.85 | 1.35 | 24.20 | Mord ഡാറ്റ പ്രകാരം ആകെ നിരക്ക് | 22.85 | 1.35 | 24.20 |
| | | 10% ഓവർഹെഡ് ചാർജസ് | 2.285 | 0.135 | 2.42 | 10% ഓവർഹെഡ് ചാർജസ് | | 0.135 | 0.135 |
| | | 10 % കരാറുകാരന്റെ ലാഭം | 2.5135 | 0.1485 | 2.662 | 10 % കരാറുകാരന്റെ ലാഭം | | 0.1485 | 0.1485 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | കോസ്റ്റ് ഇന്റക്സ് | - | 36.19% on 1.2892 =0.4665 | 0.47 | കോസ്റ്റ് ഇന്റക്സ് | - | 36.19% on 1.2892 =0.4665 | 0.47 |
| | | ആകെ നിരക്ക് | 27.6485 | 2.10 | 29.76 /sqm | ആകെ നിരക്ക് | 22.85 | 2.10 | 24.95/ sqm |
| 3 | 5.2.3a Tack coat- using emulsion RS1 on GSB ബിറ്റുമിനസ് ഇനം- RS1 emulsion | Mord ഡാറ്റ പ്രകാരം ആകെനിരക്ക് | 7.33 | 1.22 | 8.55 | Mord ഡാറ്റ പ്രകാരം ആകെനിരക്ക് | 7.33 | 1.22 | 9.70 |
| | | 10% ഓവർഹെഡ് ചാർജസ് | 0.733 | 0.122 | 0.855 | 10% ഓവർഹെഡ് ചാർജസ് | - | 0.122 | 0.122 |
| | | 10% കരാറുകാരന്റെ ലാഭം | 0.8063 | 0.1342 | 0.9405 | 10% കരാറുകാരന്റെ ലാഭം | - | 0.1342 | 0.1342 |
| | | കോസ്റ്റ് ഇന്റക്സ് | - | 36.19%on 1.1744= 0.42 | 0.42 | കോസ്റ്റ് ഇന്റക്സ് | - | 36.19%on 1.1744= 0.42 | 0.42 |
| | | ആകെ നിരക്ക് | 8.8693 | 1.8962 | 10.77 /sqm | ആകെ നിരക്ക് | 7.33 | 1.8962 | 9.2262/sqm |
| 4 | 5.9.1.2a- 2cm open graded premix carpet using bitumen s-65 ബിറ്റുമിനസ് ഇനം- bitumen s-65 | Mord ഡാറ്റ പ്രകാരം ആകെ നിരക്ക് | 38.52 | 61.96 | 100.48 | Mord ഡാറ്റ പ്രകാരം ആകെ നിരക്ക് | 38.52 | 61.96 | 100.48 |
| | | 10% ഓവർഹെഡ് ചാർജസ് | 3.852 | 6.196 | 10.048 | 10% ഓവർഹെഡ് ചാർജസ് | - | 6.196 | 6.196 |
| | | 10 % കരാറുകാരന്റെ ലാഭം | 4.2372 | 6.8156 | 11.0528 | 10% കരാറുകാരന്റെ ലാഭം | - | 6.8156 | 6.8156 |
| | | കോസ്റ്റ് ഇന്റക്സ് | - | 36.19% of 74.972 = | 27.13 | കോസ്റ്റ് ഇന്റക്സ് | - | 36.19% of 74.972 = | 27.13 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | 27.13 | | | | 27.13 | |
| | | ആകെ നിരക്ക് | 46.6092 | 102.10 | 148.71/ sqm | ആകെ നിരക്ക് | 38.52 | 102.10 | 140.62/ sqm |
| 5 | 5.12.A.3.2a- Seal coat using bitumen s-65, type c, manual ബിറ്റുമിനസ് ഇനം- bitumen s-65 | Mord ഡാറ്റ പ്രകാരം ആകെനിരക്ക് | 17.15 | 21.40 | 38.55 | Mord ഡാറ്റ പ്രകാരം ആകെനിരക്ക് | 17.15 | 21.40 | 38.55 |
| | | 10% ഓവർഹെഡ് ചാർജസ് | 1.715 | 2.140 | 3.855 | 10% ഓവർഹെഡ് ചാർജസ് | - | 2.140 | 2.140 |
| | | 10% കരാറുകാരന്റെ ലാഭം. | 1.8865 | 2.354 | 4.2405 | 10% കരാറുകാരന്റെ ലാഭം | - | 2.354 | 2.354 |
| | | കോസ്റ്റ് ഇന്റക്സ് | - | 36.19% of 25.9=9.37 | 9.37 | കോസ്റ്റ് ഇന്റക്സ് | - | 36.19% of 25.9=9.37 | 9.37 |
| | | ആകെ നിരക്ക് | 20.7515 | 35.264 | 56.03/ sqm | ആകെ നിരക്ക് | 17.15 | 35.264 | 52,414/ sqm |

മേൽ നിരക്കുകൾ അടിസ്ഥാനമാക്കി വിവിധ പ്രവൃത്തികളിലായി പഞ്ചായത്തിന് ഉണ്ടായ അധികച്ചെലവ് ചുവടെ കണക്കാക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | പ്രവൃത്തി ഇനം | അനുവദിച്ച മൂല്യം | | | | അനുവദനീയമായ മൂല്യം | | | അധികം |
|---|---|---|---|---|---|---|---|---|---|---|
| | | | ഇനം നമ്പർ | ചെയ്ത അളവ് | നിരക്ക് | മൂല്യം | അളവ് | നിരക്ക് | മൂല്യം | |
| 1 | s0010/18- ചെറുവത്തൂർ റെയിൽവേ സ്റ്റേഷൻ -മാച്ചിപ്പുറം റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.വി.ഭാസ്കരൻ<br>(എസ്റ്റിമേറ്റ് നിരക്ക് ടെണ്ടർ,)<br>എം.ബുക്ക് നം-10/16-17<br>വൗച്ചർ നം, തിയതി- 41/2-17, 11,7-17ഇ2,99,00<br>സാങ്കേതികാനുമതി നം- LSGD/TS/2016-17/2279 dated 25.10.2016<br>കരാർ നം- 19/AE/LSGD | 4.9 Wetmix macadam | 1 | 45.06 sqm | 2980.51 | 1,34,301.78 | 45.06 sqm | 2980.51 | 13,43,01.78 | |
| | | 5.1.1a- prime coat | 2 | 540 sqm | 29.76/ sqm | 16,070.40 | 540 sqm | 24.95/ sqm | 13,473 | |
| | | 5.2.3a tack coat on GSB | 3 | 540 sqm | 10.77/ sqm | 5,815.80 | 540 sqm | 9.22/ sqm | 4,978.80 | |
| | | 5.9.1.2a- open graded | 4 | 540 sqm | 148.71/ sqm | 80,303.40 | 540/sqm | 140.62/ sqm | 75,934.80 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | premix carpet | | | | | | | | |
| | | 5.12.A.3.2a-seal coat | 5 | 540 sqm | 56.03/ sqm | 30,256.20 | 540/sqm | 52.41/ sqm | 28,301.4 | |
| | /CGP/16-17 dated 20.12.2017 | 3.4- | 6 | 52.60 sqm | 450/ sqm | 23,693.00 | 52.60 sqm | 450/ sqm | 23,693.00 | |
| | | 14.5.1 | 7 | 4.75/ sqm | 1803.35/ sqm | 8,565.91 | 4.75/ sqm | 1803.35/ sqm | 8,565.91 | |
| | | Total | | | | 2,99,006.49 say 299007 | | | 2,89,248.69 | 9,758.80 say Rs.9,759 |
| | | 4.9 Wetmix macadam | 1 | 50.055 sqm | 2980.51 | 1,49,189.43 | 50.055 sqm | 2980.51 | 1,49,189. 43 | |
| | | 5.1.1a-prime coat | 2 | 600 sqm | 29.76/ sqm | 17,856 | 600 sqm | 24.95/ sqm | 14,970 | |
| | ട05/18- പതിക്കാൽ കുണ്ടെന്റെമാട് റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.എൻവി.പുരുഷോത്തമൻ<br>(എസ്റ്റിമേറ്റ് നിരക്ക് ടെണ്ടർ,)<br>എം.ബുക്ക് നം-69/15-16 ബില്ല് നം- 46/2-17, 79/3-17, തുക4,39,707 സാങ്കേതികാനുമതി നം- LSGD/TS/2016-17/2275 dated 25.10.2016<br>കരാർ നം- 28/AE/LSGD /CGP/16-17 dated 26.12.2017 | 5.2.3a tack coat on GSB | 3 | 600 sqm | 10.77/ sqm | 6,462 | 600 sqm | 9.22/ sqm | 5,532 | |
| 2 | | 5.9.1.2a-open graded premix carpet | 4 | 600 sqm | 148.71/ sqm | 89,226 | 600 sqm | 140.62/ sqm | 84,372 | |
| | | 5.12.A.3.2a-seal coat | 5 | 600 sqm | 56.03/ sqm | 33,618 | 600 sqm | 52.414/ sqm | 31,448.4 | |
| | | 3.4- | 6 | 6 sqm | 450/ sqm | 2,702.58 | 6 sqm | 450/ sqm | 2,702.58 | |
| | | Total | | | | 2,99,054 | | | 2,88,214.41 | 10,839.76 say Rs10,840 |

ഡിപ്പാർട്ട്മെന്റലായി വിതരണം ചെയ്യുന്ന സാമഗ്രികൾക്ക് കരാറുകാരന്റെ ലാഭവും ഓവ്വഹെഡ് ചാർജും അനുവദിക്കാവുന്നതല്ല. പ്രവൃത്തിയുടെ നിർവഹണ ഘട്ടത്തിലാണ് മേൽ പ്രവൃത്തികൾക്ക് ഡിപ്പാർട്ട്മെന്റലായി ബിറ്റുമിൻ വിതരണം ചെയ്യാൻ സർക്കാർ നിർദേശം വന്നത്. ആയതിനാൽ കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ്

എന്നീയിനത്തിൽ മൂല്യ നിർണയത്തിൽ ഉൾപ്പെട്ടിട്ടുള്ള ഇുകകൾ പ്രവൃത്തികളുടെ അന്തിമബില്ലുകൾ നൽകുമ്പോൾ തിരികെ ഈടാക്കണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ച 20,599 പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. മേൽ ഇുകകൾ പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസി എഞ്ചിനീയരിൽ നിന്നും ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം 10/22.09.2018).

## 3-3 കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ

പഞ്ചായത്തിൽ കാർഷിക മേഖലയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ, അഗ്രോ സർവ്വീസ് സെന്റർ , കാർഷിക ഔഷധ സസ്യ നഴ്സറി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിയ്ക്കേണ്ടതായുണ്ട്. ഇത്തരം പദ്ധതി നിർദ്ദേശങ്ങളൊന്നും സ്റ്റാന്റിങ്ങ് കമ്മറ്റിയോ വർക്കിങ്ങ് ഗ്രൂപ്പോ മുന്നോട്ടു വച്ചിട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന വിത്ത്, വളം, തൈ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ മാത്രമാണ് ഉള്ളത്, ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. ജി.ഒ (എം.എസ്) 72/17/ ത.സ്വ.ഭ.വ. തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖ പ്രകാരം കാർഷിക മേഖലയിൽ മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോൽസാഹിപ്പിക്കേണ്ടതാണ്, എന്നാൽ ഈ നിർദ്ദേശങ്ങൾ പ്രകാരം ഒരു പദ്ധതി പോലും രൂപീകരിച്ച് നടപ്പാക്കിയിട്ടില്ല. പ്രധാന പോരായ്മകൾ താഴെ വിവരിക്കുന്നു.

1)നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നില്ല.

പഞ്ചായത്തിലെ 4 നീർത്തടങ്ങളെ അധിഷ്ഠിതമാക്കി കാർഷിക മേഖലയിൽ സമഗ്രമായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് 2012-13വരെയുള്ള കാലയളവിലെ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. മാസ്റ്റർ പ്ലാൻ കാലികമായി പരിഷ്കരിച്ച് പദ്ധതികൾ തയ്യാറാക്കുന്നില്ല.

2) സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ കാർഷിക മേഖലയിലെ ഇടപെടൽ കുറവ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 മൂന്നാം പട്ടിക പ്രകാരം കൃഷി ചെറുകിട ജലസേചനം, സാമൂഹ്യ വനവൽക്കരണം എന്നീ മേഖലാ ചുമതലകൾ നിർവ്വഹിക്കേണ്ടത് വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയാണ്. ഇതിൽ മണ്ണ് സംരക്ഷണം, ജൈവവള ഉല്പാദനം, സസ്യ സംരക്ഷണം, വിത്തുൽപ്പാദനം കൃഷി ഭവനുകളുടെ നടത്തിപ്പ്, ജലസേചന പദ്ധതികളുടെ പരിപാലനം, വനവൽക്കരണം തുടങ്ങിയ മേഖലയിൽ ഒരു പദ്ധതി പോലും തൻ വർഷം നടപ്പിലാക്കാത്തത് വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ വീഴ്ചയാണ്. പദ്ധതി ആസൂത്രണം മുതൽ അന്തിമ ഘട്ടം വരെ മുഖ്യ പങ്ക് വഹിക്കേണ്ടത് വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയാണ്.

3) കൃഷി ഭവനിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയില്ല.

കൃഷി ഭവനിൽ പ്ലാന്റിങ്ങ് മെറ്റീരിയൽ സൂക്ഷിയ്ക്കുന്നതിന് സൗകര്യം പര്യാപ്തമല്ല. നിർവ്വഹണ ഉദ്യോഗസ്ഥ ഇക്കാര്യങ്ങൾ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ കൊണ്ടു വന്നിട്ടില്ല. വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ആസൂത്രണ സമിതിയിലോ, വർക്കിങ്ങ് ഗ്രൂപ്പിലോ അവതരിപ്പിച്ച് കൃഷി ഭവനിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഒരു പദ്ധതിയും തയ്യാറാക്കിയിട്ടില്ല. വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ യോഗങ്ങളിൽ കൃഷി ഓഫീസിന്റെ സാന്നിധ്യം ഉണ്ടാകുന്നത് വളരെ കുറവാണ്.

4) ചെറുകിട ജല സേചന പദ്ധതികൾ നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിലെ കാർഷിക മേഖലയിലെ ഒരു പ്രധാന പ്രശ്നം ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ജലസേചന പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടില്ല. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ നേതൃത്ത്വത്തിൽ പഞ്ചായത്ത് ഒരു സാധ്യതാ പഠനം നടത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വയോജന വിശ്രമ കേന്ദ്രത്തിന് ഫർണ്ണിച്ചർ, അനുബന്ധ സൗകര്യങ്ങൾ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 134/18

ബിൽ നം.23/17-18/12.12.2017 – 1,16,700/- രൂപ

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് പകൽ സമയത്ത് വിശ്രമത്തിനും വിനോദത്തിനുമായി പണിത വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണ്ണിച്ചർ, ടെലവിഷൻ സെറ്റ് എന്നിവ വാങ്ങിക്കുന്നതിനാണ് ഈ പദ്ധതി. സൈന്റിഫിക്ക് സൊലൂഷൻ കാഞ്ഞങ്ങാടിന്റെ ഇൻവോയ്സ് നം.10/15.11.17 പ്രകാരം ടെലിവിഷൻ സെറ്റ് -1, സ്റ്റീൽ ടേബിൾ - 2 , ആഞ്ഞിലി മരത്തിന്റെ കസേര –30 എന്നിങ്ങനെ വിതരണം ചെയ്തതിന് ആകെ 1,16,700/-രൂപയുടെ ബില്ല് സമർപ്പിക്കുകയും ബിൽ നം.23/17-18/12.12.2017പ്രകാരം തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് ടീം 19.09.2018ന് വയോജന വിശ്രമ കേന്ദ്രത്തിൽ ഭൗതികപരിശോധന നടത്തിയപ്പോൾ ഹാളിനകത്ത് ഫർണ്ണിച്ചർ നിറഞ്ഞ് കിടക്കുന്നതാണ് കണ്ടത്. 30 കസേര, 2 വലിയ മേശ എന്നിവ വച്ചതിന് ശേഷം നിന്ന് തിരിയാൻ സ്ഥലം കേന്ദ്രത്തിൽ ഇല്ല. അത് പോലെ ടെലിവിഷൻ സെറ്റ് നാളിത് വരെ സ്ഥാപിച്ചിട്ടില്ല. കൃത്യമായ ആവശ്യകത മനസ്സിലാക്കാതെ പ്രൊജക്ട് തയ്യാറാക്കിയത് കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. പദ്ധതി രൂപീകരണ സമയത്ത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ആയ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിൽ വയോജന വിശ്രമ കേന്ദ്രത്തിന് എന്തൊക്കെ ഫർണ്ണിച്ചർ എത്ര എണ്ണം ആവശ്യമുണ്ട് എന്ന തരത്തിൽ ഒരു ചർച്ചയും നടത്തിയിട്ടില്ല എന്നാണ് മിനിട്സ് പരിശോധിച്ചപ്പോൾ മനസ്സിലായത്, കാരണം ഈ പദ്ധതി സംബന്ധമായി ഒരു തീരുമാനവും രേഖപ്പെടുത്തിയതായി കാണുന്നില്ല. അത്പോലെ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകേണ്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവിടെ എന്തൊക്കെ വേണം, എത്ര എണ്ണം വേണം എന്നീ കാര്യങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടില്ല എന്ന് വ്യക്തമാണ്. കാരണം ആ ഹാളിന്റെ വലുപ്പം മനസ്സിലാക്കി ആവശ്യകത തിരിച്ചറിഞ്ഞ് ഫർണ്ണിച്ചറുകൾ വാങ്ങിയിരുന്നുവെങ്കിൽ വയോജനങ്ങൾക്ക് ഉപകാരപ്രദമായ നല്ല ഒരു പദ്ധതിയായി ഇത് മാറുമായിരുന്നു. ആയതിനാൽ ഭരണസമിതി ഒരു ഉചിതമായ തീരുമാനം എടുത്ത് വയോജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ ഫർണ്ണിച്ചറുകൾ ക്രമീകരിക്കേണ്ടതും ടെലിവിഷൻ സെറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമം ആക്കേണ്ടതുമാണ്. എങ്കിൽ മാത്രമെ ഈ പദ്ധതി ഫലപ്രാപ്തിയിലെത്തുകയുള്ളൂ.

## 3-5 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 150/18

അടങ്കൽ - 11,00,000/- രൂപ

ചെലവ് - 7,59,851/- രൂപ

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതുതായി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കാനുള്ള ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് പിലിക്കോട് സെക്ഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.10.2017 തിയ്യതിയിലെ നം.DB25/AS/17/17-18 , 09.03.2018 തിയ്യതിയിലെ നം.DB25/AS/45/17-18 എന്നീ എസ്റ്റിമേറ്റുകൾ പ്രകാരം ആകെ 7,59,851/- രൂപ ഓൺലൈൻ ആയി നിക്ഷേപം നടത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നം.18/17-18/30.10.17 – 2,74,143/- രൂപ

ബിൽ നം.19/17-18/30.10.17 – 3,51,632/- രൂപ

ബിൽ നം.37/17-18/23.03.18 – 1,34,076/- രൂപ

ഈ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നാണ് ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം.03/19.09.2018 പ്രകാരം പൂർത്തീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ടതിന് 19.09.2018 ന് മറുപടി നൽകിയിട്ടുണ്ട്. പ്രവർത്തി പുരോഗമിച്ച് വരികയാണെന്നും എത്രയും പെട്ടെന്ന് പൂർത്തീകരിക്കുമെന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. അതിനാൽ എത്രയും പെട്ടെന്ന് പദ്ധതി പൂർത്തീകരിച്ച് വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല

പതിമൂന്നാം പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി 2017-18തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ ( ജി.ഒ.(എം.എസ്) നം. 72/2017 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29-03-2017 ) ഖണ്ഡിക. 12-10 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം എന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പ്ലാൻ തയ്യാറാക്കിയിട്ടില്ല. മരാമത്ത്പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്റ്റിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസന സമീപനമാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഇതിനു വിഭിന്നമായിറോഡുകളെ ചെറിയ ചെറിയ ചെയ്യേജിലുള്ള പ്രൊജക്ടുകളയാണ് ഭൂരിഭാഗവുംനിർവ്വഹിച്ചിട്ടുള്ളത്. ഓരോ റോഡിന്റെയും മുഴുവൻ നീളത്തിനാണ് പ്രൊജക്ട് ഉണ്ടാക്കേണ്ടത്. ഇങ്ങിനെ ചെയ്യാത്തതുമൂലം ഒരു റോഡിന്റെ പ്രവൃത്തി പൂർത്തിയാകാൻ വർഷങ്ങൾ വേണ്ടിവരുന്ന സാഹചര്യം ഉണ്ടാവുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ പരിപാലനം പ്രസ്തുത സ്ഥാപനങ്ങളുടെ ചുമതലയാണ്.കൃത്യമായ റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ റോഡുകളുമായി നിർവ്വഹണ ഘട്ടത്തിൽ ഇരട്ടിപ്പ് വരുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാവാം ഇതൊക്കെ പരിഹരിക്കുന്നതിനായി അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനും കുറഞ്ഞ ചെയ്യേജിൽ വാർഡ് അടിസ്ഥാനത്തിൽ റോഡ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് പകരം മുൻഗണനനടിസ്ഥാനത്തിൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി മരാമത്ത് പ്രൊജക്ടുകൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ദേശീയതൊഴിലുറപ്പപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു.

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ വിവരം പരിശോധന നടത്തിയപ്പോൾ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുള്ള ഗ്രാമപഞ്ചായത്താണ് ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് എന്ന് മനസ്സിലാക്കുന്നു. കാരണം 340 പേരാണ് 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ പട്ടികയിൽ ഉള്ളത്. വികസനത്തിൽ ചുരുങ്ങിയ കാലം കൊണ്ട് ഒരു കുതിച്ചു ചാട്ടം നടത്തിയ ഗ്രാമപഞ്ചായത്തിന് ഇത് ഒട്ടും അഭികാമ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). ഇു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 340 | 2,01,960/- |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

ആയതിനാൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ വേതനത്തിനുള്ള അർഹത വ്യക്തമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ രഹിത വേതനം അനുവദിക്കലും വിതരണവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സാമൂഹ്യ സുരക്ഷ വിഷയഘടകങ്ങളിലെ ചുമതലകളിൽ പെടുന്നു. ഇതിന്റെ ഭാഗമായ ചുമതലകളിൽ തൊഴിൽ രഹിതരായ വ്യക്തികൾക്ക് വേതനം നൽകുന്ന സ്കീമുകളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, അപേക്ഷകൾ ക്ഷണിക്കുക, മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ചുരുക്കപട്ടിക തയ്യാറാക്കുക, ഒരു തൊഴിലും ലഭ്യമായിട്ടില്ലാത്ത അപേക്ഷകരെയും, പഞ്ചായത്ത് നടപ്പാക്കുന്ന ഒരു സ്കീമിന്റെയും ആനുകൂല്യംലഭിക്കാത്തവരെയും കണ്ടെത്തുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ നടപടികൾ സ്വീകരിച്ച് വരും വർഷങ്ങളിൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ എണ്ണം കുറക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിട്ടില്ല

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും, നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതു സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സർക്കുലർ നം. 472/ഐ.എ.1 /2017/ത.സ്വ.ഭ.വ. തീയ്യതി 22.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മേൽ സർക്കുലർ പ്രകാരം വിശദമായി തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 31.01.2018 ന് മുമ്പായി സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട സ്വീകരിച്ച നടപടികൾ അറിയിക്കാനായി നം.07/18.9.2018 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് 18.9.2018 ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 05.09.2018 ലെ തീരുമാനം നം.06/01 പ്രകാരം കുടുംബശ്രീ തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ അംഗീകരിച്ചുവെന്നും 2018-19 വർഷത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. അതിനാൽ അഗതിരഹിത കേരളം പദ്ധതിരേഖ അംഗീകരിച്ചത് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതും കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ് എന്ന വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 തുല്യതാ പഠനം- ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല

പ്രോജക്റ്റ് നം- 57/ 2017-18 തുല്യതാ പഠനം-പഠിതാക്കളുടെ ഫീസ് നൽകൽ

വകയിരുത്തൽ - 1,00,250 (തനത് ഫണ്ട്)

ട്രഷറി ചെക്ക് നം- 0146128/15.03.2018 ₹ 38,950/-

0146129/ 15.03.2018 ₹ 60,750/-

നിർവ്വഹണോദ്യോഗസ്ഥർ - ഹെഡ്മാസ്റ്റർ, GWUPS

പത്താം തരം, ഹയർ സെക്കന്ററി തുല്യതാ പഠിതാക്കൾക്കായുള്ള ഫീസ് നൽകുന്നതിനായി ആവിഷ്കരിച്ച മേൽ പദ്ധതി പ്രകാരം 99,700/- രൂപ ഫീസിനത്തിൽ കേരള സ്റ്റേറ്റ് ലിറ്ററസി മിഷന് നൽകിയിട്ടുണ്ട്. പത്താം തരം പഠിതാക്കൾക്കായി 1,750 രൂപയും ഹയർ സെക്കന്ററി കുട്ടികൾക്കായി 2,250 രൂപയുമാണ് ഫീസിനത്തിൽ പ്രോജക്റ്റിൽ വകയിരുത്തിയിരുന്നത്. ഹെഡ്മാസ്റ്റർ ഹാജരാക്കിയ ലിസ്റ്റ് പ്രകാരം പത്താം തരത്തിൽ 21 പഠിതാക്കളും ഹയർ സെക്കന്ററി തലത്തിൽ 27 പഠിതാക്കളുമാണ് റജിസ്റ്റർ ചെയ്തത്. ആയതിനാൽ പത്താം തരത്തിലെ 21 പഠിതാക്കൾക്കായി 36,750/- രൂപ (21 x 1,750) മാത്രമേ നൽകേണ്ടതുള്ളുവെങ്കിലും ഫീസിനത്തിൽ 38,950/- രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ 2,200/- രൂപയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

രജിസ്റ്റർ ചെയ്ത 48 പഠിതാക്കളിൽ പരീക്ഷ എഴുതിയവരുടേയോ പാസ്സായവരുടേയോ സർട്ടിഫിക്കറ്റ് വിതരണം ചെയ്തവരുടേയോ എണ്ണം ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ ലക്ഷ്യപ്രാപ്തി ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം-2 തീയ്യതി 12.09.2018).

## 3-10 പ്രോജക്റ്റ് നം- 62/ 2017-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

വകയിരുത്തൽ - വികസന ഫണ്ട്(SCP) 1,40,000/-

തനത് ഫണ്ട്- 5,800/-

ബിൽ നം- 02/2017-18 തീ.06.01.2018 ₹ 1,40,000/-

ട്രഷറി ചെക്ക് നം- 040005/28.03.2018 ₹ 4,300/-

I. മേൽ പ്രോജക്റ്റ് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Scientific Solution, Kasaragod എന്ന സ്ഥാപനത്തിന് 32 സൈക്കിൾ(ഇൻവോയിസ് നം.09/23.10.2017) വിതരണം ചെയ്തതിന്റെ വിലയായി 1,40,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക സ്ഥാപനം കൈപ്പറ്റിയതിന്റെ രശീതി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

II. Scientific Solution, Kasaragod എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം.09/23.10.2017 പ്രകാരം 32 സൈക്കിളാണ് വിതരണം ചെയ്തിട്ടുള്ളത് ( 17 Boys cycle, 15 Girls Cycle). എന്നാൽ സൈക്കിൾ വാങ്ങുന്നതിന് ഇന്നേ വരെ ഈ വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന് കാണിച്ച് പട്ടിക ജാതി വകുപ്പിൽ നിന്നും നൽകിയ സാക്ഷ്യപത്രത്തിൽ 26 കുട്ടികളുടെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. (നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പട്ടിക ജാതി വികസന ഓഫീസറുടെ 18.12.2017 തീയ്യതിയിലെ NLR-349/17നമ്പർ സാക്ഷ്യപത്രം).

III. 14.08.2017 ലെ 23(1)/2017 നം. ഭരണസമിതി തീരുമാന പ്രകാരം അർഹരായ 37 കുട്ടികളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ ഹാജരാക്കിയ സൈക്കിൾ കൈപ്പറ്റിയ കുട്ടികളുടെ ലിസ്റ്റ് പരിശോധിച്ചപ്പോൾ, ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഇല്ലാത്ത കുട്ടികൾക്ക് കൂടി സൈക്കിൾ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കുട്ടികളുടെ പേര് വിവരം താഴെക്കൊടുക്കുന്നു.

1.ഭാവന വിജയൻ ടി.
2.അക്ഷയ് രാജ് എം.
3.നന്ദന എം.
4.ദേവിക കെ എസ്.
5.അജിൻ രാജ്
6.ഗോകുൽ രാജ് ടി വി.
7.ആവണി കെ.
8.നേഷ് ബാബു.

ഭരണസമിതി അംഗീകാരം ഇല്ലാതെ മേൽ പരാമർശിച്ച കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്തതിന് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

IV. 4,300/- രൂപ തനതുഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. ഇത് എന്താവശ്യത്തിന് പിൻവലിച്ചതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് വിശദീകരിച്ചിട്ടില്ല. (ട്രഷറി ചെക്ക് നം- 040005/28.03.2018 )

V. ലഭിച്ച 32 സൈക്കിളുകൾ സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് വിതരണം ചെയ്തിട്ടുള്ളത്. സൈക്കിൾ കൈപ്പറ്റിയ മൊത്തം കുട്ടികളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള ലിസ്റ്റ് മാത്രമാണ് നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുള്ളത്. പൊതു ചടങ്ങിൽ വച്ചാണ് സൈക്കിൾ വിതരണം ചെയ്തതെന്ന് ഹെഡ്മാസ്റ്റർ വിശദീകരണം നൽകിയിട്ടുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന തെളിവുകൾ ഒന്നും തന്നെ ഹാജരാക്കുകയോ പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചതിന്റെ മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടോ ഓഡിറ്റിന് നൽകിയിട്ടില്ല. 12.09.2018 തീയ്യതി ഓഡിറ്റ് എൻക്വയറി നം-2 പ്രകാരം മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ ചെലവഴിച്ച 1,44,300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന അത്യുൽപ്പാദന ശേഷിയുള്ള ഉരുക്കൾ ഏതൊക്കെയാണെന്നുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ അത്യുൽപ്പാദന ശേഷിയുള്ള പശു, എരുമ, ആട്, കോഴി തുടങ്ങിയ വളർത്തു മൃഗങ്ങൾ / വളർത്തു പക്ഷികൾ ഏതൊക്കെയാണ് എന്നതിനെ കുറിച്ച്, അവ എവിടെ നിന്നും ലഭ്യമാകും എന്നതിനെ കുറിച്ചും നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പഠനം നടത്തേണ്ടതും ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് സൂക്ഷിച്ചതായി കാണുന്നില്ല. തുടർന്നങ്ങോട്ട് ഇത്തരം ഉരുക്കളെ വാങ്ങലുകൾ നടത്തുമ്പോൾ സഹായകരമാകുന്ന ഈ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

## 3-12 പദ്ധതി നിർവഹണം-എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയില്ല

2017-18 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്‌സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിൽ [ജി.ഒ.(എം.എസ്) 80/2017തസ്വഭവതീ.03.04.2017] എംജിഎൻആർഇജിഎസിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ നടപ്പിലാക്കിയ പദ്ധതികളിൽ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയതായി കണ്ടില്ല. തുടർന്നങ്ങോട്ട് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മേൽ ഉത്തരവ് പ്രകാരമുള്ള സാധ്യതകൾ കൂടി പരാമാവധി പ്രയോജനപ്പെടുത്താൻ പറ്റുന്ന തരത്തിലുള്ള പദ്ധതികൾ കൂടി ആവിഷ്കരിക്കേണ്ടതാണ്. ഈക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 അംഗൻവാടികൾ - അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ച്

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിൽ ഒരു ശിശുമന്ദിരം ഉൾപ്പെടെ ആകെ 29 അംഗൻവാടികളും പ്രവർത്തിച്ചുവരുന്നു. ഇവയിൽ 26 എണ്ണത്തിനുമാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ബാക്കിയുള്ള 3 അംഗൻവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ ഒരു അംഗൻവാടിക്ക് കുടിവെള്ള സൗകര്യവും, വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല. (പയ്യങ്കി അംഗൺവായി സെന്റർ നം.56) കുടിവെള്ള സൗകര്യവും, വൈദ്യുതി കണക്ഷനും ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

22 അംഗൻവാടികൾക്ക് മാത്രമെ ചുറ്റമതിൽ ഉള്ളൂ 3 എണ്ണത്തിന് ഭാഗികമായി മാത്രമാണ് ചുറ്റമതിൽ ഉള്ളത്. വാടകയ്ക്ക് പ്രവർത്തിക്കുന്ന കാരിതട്ടാത്ത് അംഗൻവാടിയുടെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലാണ്. ആയത് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്. സെന്റർ നമ്പർ 57 – കാടംകോട് - കോട്ടക്കൽ അംഗൻവാടിക്ക് സ്ഥലം ലഭിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ചെറുവത്തൂർ,കറ്റിവയൽ, തെക്കേവളപ്പ്, കാട്ടുതല, പുതിയകണ്ടം എന്നീ അംഗൺവാടികൾക്ക് അറ്റകുറ്റപണികൾ നടത്തിയിരുന്നു.

അംഗൻവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക, അംഗൻവാടികളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുകയും പ്രവേശനോത്സവം സംഘടിപ്പിക്കുകയും ചെയ്യുക മുതലായ

പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നം.31055/ഡി.സി.2 /2011/ത.സ്വ.ഭ.വ. തീയ്യതി 22.03.2011)

മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റിനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കാടങ്കോട് -കോട്ടക്കൽ അംഗൻവാടിക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. എത്രയുംപെട്ടെന്ന് ഈ അംഗൺവാടിക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടിയിൽ കുട്ടികളെ പഠിപ്പിക്കുന്നത് അപകടം വിളിച്ച് വരുത്തുന്നതിന് തുല്യമാണ്. അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ- മരുന്നുകൾ യഥാസമയംലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിലുൾപ്പെടുത്തി മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് തുക മുൻകൂറായി നിക്ഷേപിച്ചെങ്കിലും മരുന്നുകൾ ഓഡിറ്റ് കാലയളവിലും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിവരം | മരുന്നുവാങ്ങുന്നതിനായി നിക്ഷേപിച്ചതുക, | ബിൽനം/ചെക്ക് നം,തീയതി | ലഭിച്ചമരുന്നുകളുടെ വില | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| തുരുത്തി പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ SO038/18(MGNR) 2,00,000/- | 2,00,000/- | 4/17-10-17 | 0 | 2,00,000/- |
| പാലിയേറ്റീവ് കെയർ പദ്ധതി, പ്രോജക്റ്റ് നം SO052/18,വികസനഫണ്ട് 400250/-+ബ്ലോക്ക് പഞ്ചായത്ത് 2,00,000/+ ജില്ലാപഞ്ചായത്ത്1,00,000/ | 2,21,600/- | 1269888/ 06.11.2017, 1269889/ 06.11.2017 | 0 | 2,21,600/- |
| | | | ആകെ | 4,21,600/- |

രണ്ട് പ്രോജക്റ്റുകളിലായി ആകെ 4,21,600/--രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,74,992 | 2,74,992 | നെൽകൃഷി വിത്ത് കൂലിചെലവ് | 2,74,992 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2017-18 | 2,74,992 | 2,74,992 | നെൽകൃഷി വിത്ത് കൂലിചെലവ് | 2,74,992 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | 2,00,000 | പാലിയേറ്റീവ് കെയർ | 2,00,000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | 1,00,000 | പാലിയേറ്റീവ് കെയർ | 1,00,000 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 10,00,000 | 10,00,000 | പാൽ ഉല്പാദനത്തിന് സബ്സിഡി | 10,00,000 | 0 |
| 6 | ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | 1,00,000 | പാൽ ഉല്പാദനത്തിന് സബ്സിഡി | 1,00,000 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | 2017-18 | 15,00,000 | 15,00,000 | ബഡ്സ് സ്കൂൾ നിർമ്മാണം | 13,09,568 | 1,90,432 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 56,600 | 56,600 | കിണർ റീചാർജ്ജ് | 56,600 | 0 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000 | 3,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,00,000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൽക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വര്ഷത്തിൽ താഴെപ്പറയുന്ന സ്ഥാപനത്തിന് ഡിപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21701267/30-10-2017 | 2,74,143 | 2,74,143 | 0 |
| | | 21701268/30-10-2017 | 3,51,632 | 3,51,632 | 0 |

| | | | | | |
|---|---|---|---|---|---|
| | | 21701591/24-03-2018 | 1,34,076 | 1,34,076 | 0 |
| | ആകെ | | 7,59,851 | 7,59,851 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃസമിതികൾക്ക് നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | കൺവിനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പാ ഇനത്തിൽ വരവില്ല. വായ്പാ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക തിരിച്ചടച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

വായ്പയിനത്തിൽ ലഭിച്ച തുക

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ്.ഭവന പദ്ധതി | സ.ഉ.(സ)നം.277/2010. ത.സ്വ.ഭ.വ.27-01-2010 | 92,16,000 | 7,18,104 | 7,18,104 | 0 |

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2017-18 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ഇല്ല |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയ്യതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| സ്ഥാപനത്തിൽ സ്ഥിര നിക്ഷേപം ഇല്ല | | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേർ, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2014-15 | 3 (3) | 2,500 | ശ്രീ. പ്രേമകുമാർ, സെക്രട്ടറി.I/C | 117030109087/ 27-11-2017 |
| 2014-15 | 3 (3) | 1,000 | ശ്രീ. മോഹൻദാസ് സെക്രട്ടറി. | 117030109367/ 05-12-2017 |
| 2015-16 | 2 -2 (1) | 150 | ശ്രീമതി.റാണി.സി.ആർ.-ബി.പി.എം | 11703010100705/ 13-07-2017 |
| 2015-16 | 2-2 (ii)A | 500 | ശ്രീമതി. വൽസല FTS | 117030100029/ 04-04-2017 |
| 2015-16 | 2-2 (ii)A | 500 | ശ്രീമതി. ലസിത.ക്ലാർക്ക് | 117030100032/ 04-04-2017 |
| 2015-16 | 2-2 (ii)B | 750 | ശ്രീമതി. ലൈജ.ക്ലാർക്ക് | 117030100033/ 04-04-2017 |
| 2015-16 | 2-2 (ii)B | 250 | ശ്രീമതി. സിനി.ക്ലാർക്ക് | 117030100034/ 04-04-2017 |
| 2015-16 | 2-2 (ii)B | 250 | ശ്രീ.സുനിൽ കുമാർ.എം, ക്ലാർക്ക് | 117030100035/ 04-04-2017 |
| 2015-16 | 2-2 (ii)B | 250 | ശ്രീമതി. സുനിത, ഓഫീസ് അസിസ്റ്റന്റ് | 117030100036/ 04-04-2017 |
| 2015-16 | 2-2 (ii)B | 500 | ശ്രീമതി. രതി, ക്ലാർക്ക് | 117030100037/ 04-04-2017 |
| 2015-16 | 2-2(iii) | 540 | മാസ് അറബിക്ക് കോളേജ് | 117030106779/ 13-01-2017 |
| 2015-16 | 2-2(i) | 150 | ശ്രീമതി. മുംതാസ് അൻസൂർ | 117030108083/ 04-11-2017 |
| 2015-16 | 2-2(iii) | 4,800 | മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റ് | 117030108308/ 07-11-2017 |

| | | | | |
|---|---|---|---|---|
| 2015-16 | 2-2(iii) | 3,240 | കടാംകോട് ജമാഅത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 117030108488/ 13-11-2017 |
| 2015-16 | 2-2(iii) | 2,500 | കടാംകോട് ജമാഅത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 117030108489/ 13-11-2017 |
| 2015-16 | 2-2(iii) | 480 | എച്ച്. എ. ടെക്സ്റ്റയ്ൽസ് | 117030108617/ 16-11-2017 |
| 2015-16 | 2-2(iii) | 3,220 | കെ.എസ്.എസ്.- വി.വിയനഗർ | 117030109629/ 18-12-2017 |
| 2015-16 | 2-2(iii) | 480 | നളന്ദ കോളേജ് | 11703010488/ 05-02-2018 |
| 2015-16 | 3 (7) | 500 | പ്രദീപൻ, സീനിയർ ക്ലാർക്ക് | 117030100038/ 04-04-2017 |
| ആകെ | | 22,560 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 39 | 2000-01 | 4.116.a | ഉപാധി രഹിത ഫണ്ട് മണ്ണ് നിറയ്ക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | തടസ്സം തീർപ്പായിട്ടില്ല |
| 1996-97 | 40 | 2000-01 | 4.116.b | ഉപാധി രഹിത ഫണ്ട് മണ്ണ് നിറയ്ക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | തടസ്സം തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2012-13 പ്രവർത്തനാവലോകന റിപ്പോർട്ട് (ഖര മാലിന്യ സംസ്കരണം) | - | 2012-13 | 3.3.6(20) | മാലിന്യമുക്ത പദ്ധതി -പ്ലാസ്റ്റിക്ക് റിക്കവറി സെന്റർ പദ്ധതി ഉപേക്ഷിച്ചത് | നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പദ്ധതി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് കെട്ടിടം ബഡ്സ് സ്കൂൾ കെട്ടിടമായി പരിവർത്തനപ്പെടുത്താൻ അനുമതിയ്ക്കായി സർക്കാരിനോട് ഭരണസമിതി അപേക്ഷിച്ചിട്ടുണ്ട്. |
| 2014-15 പ്രവർത്തനാവലോകന റിപ്പോർട്ട്. (നിഷ്ക്രിയ ആസ്തികൾ) | - | 2014-15 | 4.1.4 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന രഹിതം | തടസ്സം തീർപ്പായിട്ടില്ല. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക.നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക ,(തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യാവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,86,68,655 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,68,61,827 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22,799 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,44,300 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 20,599 | അനസൂര്യ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | - | 2,200 | മാധവൻ.പി, ഹെഡ്മാസ്റ്റർ |
| | ആകെ | 22,799 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 1,44,300 | മാധവൻ.പി, ഹെഡ്മാസ്റ്റർ |
| ആകെ | 1,44,300 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനസൂര്യ.എം<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് | അനസൂര്യ.എം,<br>W/0 സതീഷ്.എം,<br>സൗഹൃതം,ചെറുവത്തൂർ. |
| മാധവൻ.പി<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, GWUPS | മാധവൻ. പി,<br>പടോടത്ത് ഇല്ലം,<br>കരിവെള്ളൂർ,കണ്ണൂർ. ജില്ല |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 മുതൽ 1991-92വരെ | എൽ.എഫ്.കെ.എസ്.ഡി.3/59/15 തീ.03.03.2015 | 5 |
| 1989-90മുതൽ 1995-96വരെ | എൽ.എഫ്.കെ.എസ്.ഡി.2/562/96 തീ.04.01.1997(ജെ.ആർ.വൈ) | - |
| 1992-93മുതൽ 1995-96 വരെ | എൽ.എഫ്.കെ.എസ്.ഡി.3/59/15 തീ. 03.03.2015 | 2 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി.3/501(1)/12 തീ.11.07.2012 | 4 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 4 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.3/501(2)/12 തീ.11.07.2012 | 7 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി.3/501(3)/12 തീ.11.07.2012 | 11 |
| 2000-01 (ഫൈനൽ) | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 1 |
| 2000-01 (പദ്ധതി) | എൽ.എഫ്.കെ.എസ്.ഡി.3/501(4)/12 തീ.11.07.2012 | 5 |
| 2001-2002 (ഫൈനൽ) | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 1 |
| 2001-2002 (പദ്ധതി) | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 1 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 4 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.3/152/12 തീ.13.06.2012 | 14 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.3/153/12 തീ.02.06.2012 | 15 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.4/838/12 തീ.02.12.12 | 11 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/476/12 തീ.09.08.12 | 9 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/890/12 തീ.28.01.13 | 14 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.7/565/13 തീ.25.07.13 | 20 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി.7/567/13 തീ.26.07.13 | 16 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി.7/645/14 തീ.03.12.14 | 25 |
| 2011-12 | കെ.എസ്.എ.കെ.എസ്.ഡി.9/703/16 തീ.07.04.2017 | 14 |
| 2012-13<br>2013-14 | കെ.എസ്.എ.കെ.എസ്.ഡി.9/234/16 ,തീ.09.9.2016 | 19 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി.9//15,തീ.26.10.2015 | 14 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി.9/69/15,തീ.03.01.2017 | 16 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി.9/771/17,തീ.11-07.2017 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-3/793/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.

E-mail:- doksd.ksad@kerala.gov.in

ഫോൺ : 04994-256690.

തീയതി. 03-07.2018

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

തീയ്യതി:05.12.2018

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

No. KSA-KSD-3/793/2018.

Kerala State Audit Department,

District Audit Office, Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in
Phone : 04994256690

Dated:03-07.2018

## AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Cheruvathur Grama Panchayat in Kasaragod District for the year ended on 31.03.2018, in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions. In my opinion, the Financial Statements of Cheruvathur Grama Panchayat for the year 2017-18, except the observations in my Audit Report, properly presents the picture of income and expenditure.

Date:

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.

## അനുബന്ധം-2

## സീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Cheruvathur Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(a) | 11296014.00 |
| Cash | Cash | RP-40(a) | 124691.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1648530.00 |
| 130000000 | Rental income from Panchayat Properties | RP-3 | 10550.00 |
| 140000000 | Fees & User Charges | RP-4 | 698564.00 |
| 150000000 | Sale & Hire Charges | RP-5 | 5504980.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41618484.00 |
| 171000000 | Interest Earned | RP-9 | 319713.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8065358.00 |
| 350000000 | Other Liabilities | RP-36 | 32068912.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 12149.00 |
| 311000000 | Earmarked Funds | RP-29 | 16956.00 |
| 340000000 | Deposits Received | RP-34 | 339698.00 |
| 350000000 | Other Liabilities | RP-36 | 716802.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7575619.00 |
| 460000000 | Loans, Advances and Deposits | RP-47 | 72340.00 |
| | Grand total | | 110089360.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3757125.00 |
| 220000000 | Administrative Expenses | RP-12 | 873636.00 |
| 230000000 | Operations & Maintenance | RP-13 | 2856279.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7327736.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 7920456.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1820679.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 4172896.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 942800.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 2469176.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 43308.00 |
| 280000000 | Prior Period item | RP-26 | -140683.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 268408.00 |
| 350000000 | Other Liabilities | RP-36 | 36406656.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 119435.00 |
| 280000000 | Prior Period Item | RP-26 | -73240.00 |
| 311000000 | Earmarked Funds | RP-29 | 50025.00 |
| 340000000 | Deposits Received | RP-34 | 354524.00 |
| 350000000 | Other Liabilities | RP-36 | 3675549.00 |
| 410000000 | Fixed Assets | RP-38 | 11081328.00 |
| 412000000 | Capital work in Progress | RP-40 | 8993568.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 1919019.00 |
| 460000000 | Loans, Advances and Deposits | RP-47 | 2023147.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13205451.00 |
| Cash | Cash | RP-40(b) | 22082.00 |
| | Grand Total | | 110089360.00 |

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Cheruvathur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6454526.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3053452.00 |
| 140000000 | Fee & User Charges | I-4(b) | 1224992.00 |
| 150000000 | Sale & Hire Charges | I-5(b) | 5504980.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 95076001.00 |
| 171000000 | Interest Earned | I-8 | 319713.00 |
| 180000000 | Other Income | I-9 | 1585827.00 |
| | Total Income | | 113219491.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11264169.00 |
| 220000000 | Administrative Expenses | I-11(b) | 890738.00 |
| 230000000 | Operations & Maintenance | I-12(b) | 2968084.00 |
| 240000000 | Interest & Finance Charges | I-13 | 119435.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9010657.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21896788.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1786339.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 4172896.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 48850000.00 |
| 255000000 | Maintenance Projects | I-14(e) | 2469176.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 43308.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 8925271.00 |
| | Total Expenditure | | 112396861.00 |
| | Gross Surplus/ Deficit of income over Expenditure | | 822630.00 |
| 280000000 | Prior Period Item | I-18 | -726377.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1549007.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| Cheruvathur Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -3797903.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15151.00 |
| 312000000 | Reserves | B-3 | 67933386.00 |
| | Total Reserve & Surplus | | 64150633.50 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4000679.00 |
| | Total Grants, Contributions for Specific Purposes | | 4000679.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3573552.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1933916.00 |
| | Total Current Liabilities and Provisions | | 5507468.00 |
| | TOTAL LIABILITIES | | 73658780.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 89320291.00 |
| 411000000 | Accumulated Depreciation | B-11 | -36164174.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 1752738.00 |
| | Total Fixed Assets | | 54908855.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1978718.50 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 13227533.00 |
| 460000000 | Loand, Advances and Deposits | B-18 | 3543674.00 |

| | |
|---|---|
| Total Current Assets, Loans and Advances | 18749925.50 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 73658780.50 |